## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 380 — 06.02.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതിമേഖലയിലെ സാമ്പത്തികപുനരുദ്ധാരണ പാക്കേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ. ബാലൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന വൈദ്യുതി ബോർഡോ, സംസ്ഥാന സർക്കാരോ വൈദ്യുതി മേഖലയിലെ സാമ്പത്തിക പുനരുദ്ധാരണ പാക്കേജ് അംഗീകരിച്ചു കൊള്ളാമെന്ന് കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപന ങ്ങളുടെ (State Distribution Companies (DIS COMS)) മോശമായ പ്രവർത്തന നിലവാരവും സാമ്പത്തിക പരാധീനതയും ഗണ്യമായ തോതിലുള്ള ബാധ്യതകളും കണക്കിലെടുത്തുകൊണ്ട് വിതരണ കമ്പനികൾ ക്കായി ഒരു സാമ്പത്തിക പുന:രുദ്ധാരണ പദ്ധതി (Financial Re-structuring Scheme) യ്ക്ക് കേന്ദ്ര സർക്കാരിൻെറ ഊർജ്ജ മന്ത്രാലയം രൂപം നൽകുകയുണ്ടായി. സംസ്ഥാന വിതരണ കമ്പനികൾക്ക് ഈ സ്കീമിൽ ചേരുന്നതിന് 31-12-2012 വരെ മാത്രമേ അവസരമുണ്ടായിരുന്നുള്ളൂ. സ്കീമിൽ ചേരുന്നതു സംബന്ധിച്ച 'തത്വത്തിലുള്ള' സന്നദ്ധത ഒരാഴ്ച്ചയ്ക്കകം അറിയിക്കണമെന്ന് 2012 നവംബർ 14-ലെ കത്തു പ്രകാരം കേന്ദ്ര ഊർജ്ജ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു.<br>ഇതിനകം തന്നെ വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നു വയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ, മറ്റു പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ളതുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തിലുള്ള' സമ്മതം 17-12-2012-ലെ കത്ത് പ്രകാരം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കത്തിൻെറ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത പാക്കേജിൽ കേന്ദ്ര സർക്കാർ മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഈ നിർദ്ദേശങ്ങളോട് സർക്കാർ തത്വത്തിൽ യോജിക്കുന്നുണ്ടോ; | (ബി) കേന്ദ്ര സർക്കാർ നടപ്പാക്കിയ വൈദ്യുതി പരിഷ്കാരത്തിൻെറ ഭാഗമായി സംസ്ഥാനങ്ങൾ പാലിക്കേണ്ട ചില സുപ്രധാന നിർബന്ധിത വ്യവസ്ഥകൾ താഴെ പറയും വിധമാണ്.<br>1. 31.03.2012 വരെ നിലവിലുള്ള ഹ്രസ്വകാല |

വായ്പകളുടെയും ബാധ്യതകളുടെയും 50% അതത് സംസ്ഥാന സർക്കാരുകൾ ഏറ്റെടുക്കേണ്ടതാണ്. ഇത്തരത്തിൽ ഏറ്റെടുക്കേണ്ട ബാധ്യതകൾ കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിലൂടെയും വായ്പ തിരിച്ചടവുകളിലൂടെയും ഘട്ടം ഘട്ടമായി സംസ്ഥാന സർക്കാരുകൾ നികത്തേണ്ടതാണ്.

2. സംസ്ഥാന 'ഡിസ്കോമിൻെറ' സാമ്പത്തിക പുനഃരുദ്ധാരണ പദ്ധതി ആവിഷ്കരിക്കുകയും ധനകാര്യ സ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ അവ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

3. പദ്ധതിയുടെ ഫലപ്രദമായ പ്രവർത്തനങ്ങൾക്കായി സംസ്ഥാന തലത്തിൽ ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

4. 2011.12 ലെ ആഡിറ്റ് കണക്കുകൾ 2013 ജനുവരി 31 - നകം തീർപ്പാക്കുകയും അവയെ 1956 ലെ കമ്പനി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്യേണ്ടതാണ്.

5. 2012-13 ലെ താരിഫ് വ്യവസ്ഥകൾ വൈദ്യുതി സാമ്പത്തിക പുനരുദ്ധാരണ പദ്ധതി അംഗീകരിക്കുന്നതിന് മുൻപ് തന്നെ പ്രഖ്യാപിക്കേണ്ടതാണ്. തുടർന്ന് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ എല്ലാ വർഷവും ഏപ്രിൽ 30-ന് തന്നെ പുതിയ താരിഫ് നവീകരണം നടത്തേണ്ടതാണ്.

6. കാർഷിക ഉപഭോക്താക്കളുടെ ഇളവുകൾ ഡിസ്കോമിന് സംസ്ഥാന സർക്കാറുകൾ നൽകേണ്ടതാണ്.

7. എല്ലാ ഗവൺമെന്റ് ഉപഭോക്താക്കൾക്കും വൻകിട ഉപഭോക്താക്കൾക്കും പ്രീപെയ്ഡ് മീറ്ററുകൾ ഘടിപ്പിക്കേണ്ടതാണ്.

8. ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധിയെ കൂടി ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ ഉൾപ്പെടുത്തേണ്ടതാണ്.

9. വൈദ്യുതി മോഷണം തടയാൻ കർശന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

10. പ്രസരണ - വിതരണ നഷ്ടം പടിപടി യായി കുറച്ചു കൊണ്ടു വരുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാമ്പത്തിക പുനരുദ്ധാരണ സ്കീം സംബന്ധിച്ച വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. വിശദമായ പരിശോധനയ്ക്കു ശേഷം മാത്രമേ സർക്കാർ അന്തിമ തീരുമാനം എടുക്കുകയുള്ളൂ.

(സി) പ്രസ്തുത പാക്കേജിലൂടെ സംസ്ഥാന വൈദ്യുതി ബോർഡിന് ഉണ്ടാകാൻ പോകുന്ന നേട്ടങ്ങളെക്കുറിച്ചോ കോട്ടങ്ങളെക്കുറിച്ചോ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സർക്കാരിന്റെ വിലയിരുത്തൽ എന്തെല്ലാമാണ്;

(സി) 31.03.2012 വരെയുള്ള ബോർഡിന്റെ ഹ്രസ്വ കാല ബാധ്യതകൾ 2640.63 കോടിയാണ് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക പുനരുദ്ധാരണ പദ്ധതി പ്രകാരം 50% ആയ 1340.32 കോടി കേരള ഗവൺമെന്റ് ഏറ്റെടുക്കേണ്ടതും തത്തുല്യമായ തുകയ്ക്ക് കടപ്പത്രങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യേണ്ടതാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിർബന്ധിത നിബന്ധനകൾ പാലിക്കുന്ന പക്ഷം ഇതിന്റെ 25% കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി നൽകുന്നതായിരിക്കും.

(ഡി) വൈദ്യുതി ഉപഭോക്താക്കളെ ഈ പാക്കേജ് എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

(ഡി) സ്കീമിലെ വ്യവസ്ഥകൾ അംഗീകരിച്ച് നടപ്പാക്കുന്ന ഘട്ടത്തിൽ മാത്രമേ പാക്കേജ് ഉപഭോക്താക്കളെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്താൻ കഴിയൂ.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്